കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ്/ SWC/4056/2019 തീയ്യതി:29/06/2019

## പ്രസിദ്ധീകരണത്തിന്

## പി.ജി.- എസ്.സി/എസ്.ടി. സ്പോട്ട് അഡ്മിഷൻ ജൂലൈ 5 ന്

2019-20 അധ്യയന വർഷത്തെ പി.ജി. പ്രോഗ്രാമിലേക്കുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്പോട്ട് അഡ്മിഷൻ കണ്ണൂർ സർവ്വകലാശാല താവക്കര കാമ്പസിൽ വെച്ച് **ജൂലൈ 5 ന്** നടത്തുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താത്പര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ **ജൂലൈ 5 ന് രാവിലെ 12** മണിക്ക് മുമ്പായി കണ്ണൂർ സർവ്വകലാശാലയുടെ താവക്കര കാമ്പസിൽ ആവശ്യമായ രേഖകൾ (യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, SSLC ബുക്ക് തുടങ്ങിയവയുടെ പകർപ്പുകൾ) സഹിതം ഹാജരാകേണ്ടതാണ്. 12 മണിക്കു ശേഷം ഹാജരാകുന്നവരെ ഒരു കാരണവശാലും സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല. ഇതുവരെ ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവർക്ക് മാനേജ്മെന്റ് ക്വാട്ടയിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനു മുൻപ് പ്രവേശനം നേടിയവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ സീറ്റ് ലഭിക്കുകയാണെങ്കിൽ ഇതിനു മുൻപ് പ്രവേശനം നേടിയ കോളേജിൽ നിന്നും നിർബന്ധമായും ടി.സി വാങ്ങി പുതിയ കോളേജിൽ ചേരേണ്ടതാണ്.

## അഫ്സൽ ഉൽ ഉലമ പ്രിലിമിനറി, ഓപ്പൺ സ്കൂൾ പ്ലസ് ടു പരീക്ഷ, സേ പരീക്ഷ എന്നിവ വിജയിച്ചവർക്കുള്ള ബിരുദ ഓൺലൈൻ രജിസ്ട്രേഷൻ

2019 ൽ കണ്ണൂർ സർവകലാശാലാ അഫ്സൽ ഉൽ ഉലമ പ്രിലിമിനറി പരീക്ഷ വിജയിച്ചവർക്കും, ഓപ്പൺ സ്കൂൾ സ്ട്രീമിൽ പ്ലസ് ടു വിജയിച്ചവർക്കും , സേ പരീക്ഷ വിജയിച്ചവർക്കും ഇതു വരെ ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവർക്കും ബിരുദപ്രവേശനത്തിന് 01.07.2019 ന് ഉച്ചയ്ക്ക് 12 മണി വരെ www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ബിരുദ പ്രവേശനത്തിനുള്ള നാലാം അലോട്ട്മെന്റ് -02.07.2019

അഞ്ചാം അലോട്ട്മെന്റ് - 09.07.2019

എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കുള്ള സ്പോട്ട് അഡ്മിഷൻ 16.07.2019 നും എല്ലാ വിഭാഗങ്ങൾക്കുമുള്ള കോളേജ് തല സ്പോട്ട് അഡ്മിഷൻ ഗവ./ എയ്ഡഡ് കോളേജുകൾക്ക് ജൂലൈ 17 നും അൺ- എയ്ഡഡ് കോളേജുകൾക്ക് ജൂലൈ 19 നും നടത്തുന്നതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാദ്)
രജിസ്ട്രാർക്കു വേണ്ടി